LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

2005 ഫെബ്രുവരി 7, തിങ്കൾ

വാല്യം CXXIV] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 8

നിയമസഭ 2005 ഫെബ്രുവരി മാസം 7-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തേറമ്പിൽ രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രായ്ക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓഡർ, ഓഡർ ചോദ്യം നമ്പർ 118.....

ഭൂഗർഭപാത, മേൽപ്പാലം എന്നിവയുടെ നിർമ്മാണം

1 [*118] ശ്രീ. പി. കെ. അബ്ദുറബ്ബ്:
,, സി. മോയിൻകുട്ടി:
,, കെ. എൻ. എ. ഖാദർ:
,, ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാനപ്പെട്ട സിറ്റികളിലെ റോഡുകളിൽ കാൽനടയാത്രക്കാർക്ക് നിരത്ത് മുറിച്ചുകടക്കുന്നതിനുള്ള ഭൂഗർഭപാത, മേൽപ്പാലം എന്നിവ നിർമ്മിക്കുന്നതിനുള്ള പണി എത്രത്തോളമായി;

(ബി) തിരുവനന്തപുരം നഗരത്തിൽ എവിടെയെല്ലാമാണ് ഇതിന്റെ പണി നടത്താൻ ഉദ്ദേശിക്കുന്നത് ;

(സി) അതിൽ എവിടെയെല്ലാമാണ് ഇപ്പോൾ പണി നടന്നുകൊണ്ടിരിക്കുന്നത്;

(ഡി) പ്രസ്തുത പണികൾ എന്നത്തേക്ക് പൂർത്തിയാക്കുമെന്ന് വിശദമാക്കാമോ?

പൊതുമരാമത്ത് വകുപ്പ് മന്ത്രി (ശ്രീ. എം. കെ. മുനീർ):

(എ) പ്രധാനപ്പെട്ട സിറ്റികളിൽ കാൽനട യാത്രക്കാർക്ക് നിരത്തു മുറിച്ചു കടക്കുന്നതിന് ഭൂഗർഭപാത, മേൽപ്പാലം എന്നിവ നിർമ്മിക്കുന്നതിനുള്ള പ്രത്യേക പദ്ധതികളൊന്നും ആവിഷ്ക്കരിച്ചിട്ടില്ല. തലസ്ഥാന വികസന പദ്ധതിയിൽപ്പെടുത്തി തിരുവനന്തപുരം സിറ്റിയിൽ വാഹന ഗതാഗതത്തിനുവേണ്ടി ഭൂഗർഭപാതയും മേൽപ്പാലങ്ങളും നിർമ്മിക്കുന്നതിനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ട്.

(ബി) പാളയത്തു ഭൂഗർഭപാതയും ബേക്കറി ജംങ്ഷൻ, മേലെപഴവങ്ങാടി എന്നിവിടങ്ങളിൽ മേൽപ്പാലവും നിർമ്മിക്കാനാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്.

(സി) പാളയം ഭൂഗർഭപാതയുടെ പണി പുരോഗമിച്ചു വരുന്നുണ്ട്.

(ഡി) വരുന്ന ജൂൺമാസത്തോടെ ഭൂഗർഭപാതയുടെ പണി പൂർത്തിയാകുമെന്ന് കരുതുന്നു.

ശ്രീ. പി. കെ. അബ്ദുറബ്ബ്: പ്രധാനപ്പെട്ട സിറ്റികളിൽ കാൽനട യാത്രക്കാർക്ക് നിരത്ത് മുറിച്ചു കടക്കുന്നതിനുള്ള ഭൂഗർഭപാത, മേൽപ്പാലം എന്നിവ നിർമ്മിക്കുന്നതിനുള്ള പദ്ധതികളൊന്നുമില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുകയുണ്ടായി. എന്നാൽ കാൽനടയാത്രക്കാർ ഉപയോഗിക്കാതെ നിലവിലുള്ള ഭൂഗർഭപാതകൾ പലതും ശോച്യാവസ്ഥയിലാണ്. പലതും പൊട്ടിപ്പൊളിഞ്ഞ് ചോർന്നൊലിക്കുന്നു; അതുപോലെ തന്നെ പലതും ഭിക്ഷക്കാരുടേയും സാമൂഹ്യ വിരുദ്ധരുടേയും കേന്ദ്രമായി മാറിയ സ്ഥിതിയാണ് ഇപ്പോഴുള്ളത്. അത് മാറ്റുന്നതിനും അതിനാവശ്യമായ അറ്റകുറ്റപ്പണികൾ നടത്തി ജനങ്ങൾക്ക് ഉപകാരപ്രദമാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എം. കെ. മുനീർ: ഇവിടെ സൂചിപ്പിച്ചത് വളരെ പ്രസക്തമായ ഒരു കാര്യമാണ്. കാൽനടയാത്രക്കാർക്കുവേണ്ടി ഉണ്ടാക്കിയിട്ടുള്ള ഭൂഗർഭപാത പലതും ഉപയോഗശൂന്യമായി കിടക്കുകയാണ്. പലപ്പോഴും കാൽനടയാത്രക്കാർ ഭൂഗർഭപാതകൾ ഉപയോഗിക്കാതെ റോഡ് സാധാരണ രീതിയിൽ തന്നെ മുറിച്ച് കടക്കുന്ന പ്രവണതയാണ് ഇപ്പോഴുള്ളത്. കോഴിക്കോട് പാളയത്ത് ഭൂഗർഭപാത ഉണ്ടാക്കിയിട്ടുണ്ട്. പക്ഷെ അത് ഈ പറഞ്ഞപോലെ ഉപയോഗശൂന്യമായി മറ്റു പല അനാശാസ്യ പ്രവർത്തനങ്ങൾക്കും വരെ ഉപയോഗിക്കുന്ന അവസ്ഥ ഉണ്ടായതുകൊണ്ടും ഇത്തരം ഉപയോഗശൂന്യമായ ഭൂഗർഭപാതകൾ എന്ത് ചെയ്യണമെന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

ശ്രീ. പി. കെ. അബ്ദുറബ്ബ്: ബഹുമാനപ്പെട്ട മന്ത്രിയുടെ ഉത്തരത്തിൽ, തലസ്ഥാന വികസന പദ്ധതിയിൽപ്പെടുത്തിയിട്ടാണ് ഇപ്പോൾ തിരുവനന്തപുരത്തെ പാതകളും അതുപോലെ മേൽപ്പാലങ്ങളും ഒക്കെ ഉണ്ടാക്കുന്നത് എന്നു പറഞ്ഞു. പക്ഷെ നമ്മുടെ എൻ.എച്ച് ബൈപ്പാസുമായി തിരുവനന്തപുരം സിറ്റിനിലെ ഏതൊക്കെ റോഡുകളാണ് ബന്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. കെ. മുനീർ: ഇവിടെ നാഷണൽ ഹൈവേ ലിങ്ക് ചെയ്യുന്ന മൂന്ന് റോഡുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അവ അട്ടക്കുളങ്ങര-ശ്രീവരാഹം-ഈഞ്ചക്കൽ, നാഷണൽ ഹൈവേ- ബൈപാസ്-ഈഞ്ചക്കൽ,വെസ്റ്റ്ഫോർട്ട്-ശ്രീകണ്ഠേശ്വരം, മുറിഞ്ഞപാലം-പൂന്തി എന്നീ മൂന്ന് റോഡുകളാണ് നാഷണൽ ഹൈവേ ബൈപാസ്.

ശ്രീ. സി. മമ്മൂട്ടി: ഇവിടെ ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞപ്പോൾ ഭൂഗർഭ നടപ്പാലത്തിനുവേണ്ടിയുള്ള പ്രൊപ്പോസൽ ഇല്ല, അതേസമയം ഭൂഗർഭപാതകളും മേൽപ്പാലങ്ങളും നിർമ്മിക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്നു പറഞ്ഞു. തിരുവനന്തപുരം സിറ്റിയിൽ ഇപ്പോൾ വളരെ ശ്ലാഘനീയമായ പ്രവർത്തനമാണ് നടക്കുന്നത്. അതുപോലെതന്നെ കോഴിക്കോട്ട് പരിമിതമായ സ്ഥലവും എന്നാൽ അമിതമായ ട്രാഫിക്ക് കൊണ്ട് വീർപ്പുമുട്ടുന്ന കോഴിക്കോട് ഇരഞ്ഞിപ്പാലം ജംങ്ഷനിലും ഒരു മേൽപ്പാലത്തിന്റെ കാര്യം വളരെ വർഷങ്ങളായി കേൾക്കുകയും എന്നാൽ അതിന്റെ പ്രവർത്തനങ്ങൾ മന്ദഗതിയിലാകുകയും ചെയ്ത സാഹചര്യത്തിൽ, ഇപ്പോൾ ബാംഗ്ലൂരിലേക്കും, കണ്ണൂരിലേക്കും അതുപോലെ തിരിച്ച് തെക്കോട്ടേക്കും വാഹനങ്ങൾ പോകുന്ന ഒരു ഏറ്റവും വലിയ ജംങ്ഷനായ ഇരഞ്ഞിപ്പാലത്ത് മേൽപ്പാലം നിർമ്മിക്കുന്നതിനുള്ള നടപടി എവിടെവരെയെത്തി? എത്രയും പെട്ടെന്ന് അത് തുടങ്ങുന്നതിനും പൂർത്തീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ?

ശ്രീ. എം. കെ. മുനീർ: കോഴിക്കോട്ട് ഇരഞ്ഞിപ്പാലത്ത് ജംങ്ഷൻ വീതി കൂട്ടുന്നതിനുവേണ്ടിയുള്ള ലാന്റ് അക്വിസിഷൻ നടപടികൾ പൂർത്തീകരിച്ചു വരികയാണ്. അത് പൂർത്തീകരിക്കുന്ന മുറയ്ക്ക് അവിടെ മേൽപ്പാലം നിർമ്മിക്കുന്നതിനുള്ള നിർദ്ദേശവും ഉണ്ട്. മേൽപ്പാലം സെൻട്രൽ റോഡ് ഫണ്ട് വഴി നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. അതിനുള്ള നിർദ്ദേശം പോയിക്കഴിഞ്ഞിട്ടുണ്ട്. വീതി കൂട്ടുന്ന പ്രക്രിയ എത്രയും വേഗം പൂർത്തീകരിക്കും. ആദ്യഘട്ടമെന്നുള്ള നിലയ്ക്ക് ജങ്ഷൻ ഇംപ്രൂവ്മെന്റിന്റെ ഭാഗമായി റോഡ് വീതി കൂട്ടുന്ന നടപടിയാണ് ആദ്യം എടുക്കുന്നത്. അതുകഴിഞ്ഞാൽ ഉടൻതന്നെ അവിടെ മേൽപ്പാലം നിർമ്മിക്കുന്നതിനുള്ള നടപടികളും ആകും.

ശ്രീ. സി. മമ്മൂട്ടി: മറ്റൊരു ചോദ്യം വയനാട് ജില്ലയിൽ ബാംഗ്ലൂരിലേക്ക് പോകുന്ന നാഷണൽ ഹൈവേയുടെ ഭാഗം അപകടകരമാണ്. വർഷങ്ങൾക്കുമുൻപ് ഒരു പ്രൊപ്പോസൽ ഉണ്ടായിരുന്നു, ഒൻപതാംവളവിൽ ഒരു തുരങ്കം ആരംഭിച്ച് ഏതാണ്ട് ചുണ്ടയിൽ എത്തുന്നവിധത്തിൽ. ഇതിന്റെ നിർമ്മാണത്തിനുള്ള ചെലവ്, അവിടെനിന്ന് കിട്ടുന്ന കല്ലും മെറ്റലും ഉപയോഗിച്ചാൽത്തന്നെ ഒരു നിശ്ചിത ശതമാനം വരെ ലഭ്യമാകുമെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇപ്പോഴത്തെ സാമ്പത്തിക പ്രതിസന്ധിയിൽ അത് പരിഗണിക്കാൻ പ്രയാസമാണ്, എങ്കിൽപോലും ബി.ഒ.ടി. അടിസ്ഥാനത്തിൽ ഇത്തരം ഒരു പ്രൊപ്പോസൽ സമർപ്പിച്ചുകൊണ്ട്, എളുപ്പത്തിൽ ബാംഗ്ലൂരിലേക്ക് പോകാനും ആ ജില്ലയിൽത്തന്നെ എത്തിപ്പെടുന്നതിനും ആവശ്യമായ വിധത്തിൽ പദ്ധതി ആവിഷ്ക്കരിക്കാനും അത് നടപ്പിൽ വരുത്തുന്നതിനും വേണ്ടി എല്ലാ മേഖലകളിലും വികസന പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. കെ. മുനീർ: ഇത് വളരെ വലിയ നിർദ്ദേശമാണ്. മലതന്നെ തുളച്ച് ഭൂഗർഭപാതയുണ്ടാക്കുന്നതിനെക്കുറിച്ചാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ചിരിക്കുന്നത്. അത്തരത്തിൽ മല തുളച്ച് ഭൂഗർഭപാതയുണ്ടാക്കിയിട്ടുള്ളത്, കൊങ്കൺ റെയിൽവേയുമായി ബന്ധപ്പെട്ട് അത്തരത്തിലുള്ള ഭൂഗർഭപാതകൾ നിർമ്മിച്ചിട്ടുണ്ട്. അത് വലിയ ചെലവ് വരുന്ന പദ്ധതിയാണ്. പക്ഷെ അത്തരത്തിലുള്ള പദ്ധതിയെക്കുറിച്ച് ആലോചിക്കാവുന്നതാണ്. അതിന് പ്രാരംഭമായ പഠനം ആവശ്യമാണ്. പഠനം തന്നെ വളരെ ചെലവ് വരുന്നതാണ്. ഏതായാലും ഇതുസംബന്ധിച്ച് പ്രാഥമികമായി എന്തു ചെയ്യാൻ കഴിയുമെന്നുള്ളതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്.

ശ്രീ. കെ. എൻ. എ. ഖാദർ: ഇവിടെ ഇത്തവണ അവതരിപ്പിച്ച ബഡ്ജറ്റ് പ്രസംഗത്തിന്റെ ഇംഗ്ലീഷ് കോപ്പിയിലെ എട്ടാം പേജിൽ മുപ്പത്തഞ്ചാമത്തെ ഖണ്ഡികയിൽ തിരുവനന്തപുരം നഗരത്തിലെ ഭൂഗർഭപാതയും ചില മേൽപ്പാലങ്ങളും റോഡുകളും ഉൾപ്പെടെ 42 കിലോമീറ്റർ റോഡ് ഉണ്ടാക്കുമെന്നും, ഭൂഗർഭ പാതയുണ്ടാക്കുമെന്നും പറഞ്ഞിട്ടുണ്ട്. അതേ ബഡ്ജറ്റിന്റെ ഒൻപതാം പേജിൽ 42-ാം ഖണ്ഡികയിൽ കൊച്ചി-കോഴിക്കോട് നഗരങ്ങളിൽ അതുപോലുള്ള നടപടി സ്വീകരിക്കുമെന്നതിനെക്കുറിച്ചും പരാമർശം ഉണ്ട്. In order to transform these three cities into centres of economic growth and to upgrade the urban infrastructure facilities, a system with public-private partnership has to be put in place, എന്ന് എഴുതിയിട്ടുണ്ട്. പക്ഷെ ഇതിന് കേരളത്തിൽ വ്യക്തമായ ഒരു നിർദ്ദേശവും സ്വീകരിച്ചു കാണുന്നില്ല. പ്രധാന നഗരങ്ങളെക്കുറിച്ചാണ് ചോദ്യം. തിരുവനന്തപുരത്ത് നടക്കുന്നതുപോലുള്ള നഗര വികസന പരിപാടികളും ഭൂഗർഭ പാതയുടേയും മേൽപ്പാലങ്ങളുടേയും നിർമ്മാണവും, കോഴിക്കോട്, കൊച്ചി നഗരങ്ങളിലും അതുപോലെ പൂർത്തിയാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. എം. കെ. മുനീർ: ബഡ്ജറ്റ് പ്രസംഗത്തിൽ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി കൊച്ചി, അതുപോലെ തന്നെ കോഴിക്കോട്, തിരുവനന്തപുരം കൃാപ്പിറ്റൽ റീജിയൺ ഡെവലപ്മെന്റിന്റെ മാതൃകയിൽ രണ്ട് നഗരങ്ങളും വികസിപ്പിക്കുന്നതിനെക്കുറിച്ചുള്ള നിർദ്ദേശവും ഉണ്ടാകുമെന്ന് പറഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഇത് സംബന്ധിച്ചുള്ള പ്രസ്താവന നടത്തിയിട്ടുണ്ട്. നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി ഗവൺമെന്റ് പ്രാഥമികമായ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ രണ്ടുസ്ഥലത്തും ഇതു സംബന്ധിച്ച കാര്യങ്ങൾ ആലോചിക്കുന്നതിനുവേണ്ടി മന്ത്രിസഭയുടെ ഉപസമിതികളും അതുപോലെ ഉദ്യോഗസ്ഥൻമാരുടെ സമിതികളും ഉണ്ടാക്കാനുള്ള തീരുമാനം എടുക്കുമെന്നാണ് മുഖ്യമന്ത്രി അറിയിച്ചിട്ടുള്ളത്.

ശ്രീ. കെ. എൻ. എ. ഖാദർ: യാത്രക്കാർക്ക് നിരത്ത് മുറിച്ച് കടക്കുന്നതിനാവശ്യമായ സംവിധാനങ്ങളെക്കുറിച്ച് കൂടിയാണ് ഈ ചോദ്യം. നമ്മൾ ഇപ്പോൾ ഇവിടെ നിർമ്മിക്കാൻ പോകുന്ന ഭൂഗർഭപാതയും മേൽപ്പാലങ്ങളും വാഹനങ്ങൾക്കുള്ളതാണ്. കോഴിക്കോട്ട് അണ്ടർ പാസ് സബ്വേ അടച്ചിട്ടിരിക്കുകയാണ്, അത് ഉപയോഗ ശൂന്യമാണ് എന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അത്

LIBRARY ARCHIVES Kerala Legislative Assembly

ഉപയോഗശൂന്യമല്ല. യാത്രക്കാർക്ക്, നിരത്ത് മുറിച്ച് കടക്കുന്നവർക്ക് ഉപയോഗശൂന്യം തന്നെയാണ്, സാമൂഹ്യ വിരുദ്ധൻമാർക്ക് ഉപയോഗപ്രദവുമാണ്. എല്ലാ ആളുകൾക്കും വഴിനടക്കാനുള്ള ചെറിയ നടപ്പാതകളും നടപ്പാതകളായിട്ട് നിർമ്മിച്ചിട്ടുള്ള മേൽപ്പാലങ്ങളും വളരെ അത്യാവശ്യമായിട്ടുള്ള സംഗതികളാണ്. ഇന്നത്തെ അപകടങ്ങളുടെ സ്ഥിതി വച്ചുനോക്കുമ്പോൾ സുമാർ മുപ്പത് ലക്ഷം വാഹനങ്ങൾ ഓടുന്ന കേരളത്തിൽ 1299 ട്രാഫിക് പോലീസുകാരേയുള്ളൂ. അപ്പോൾ ബഹുമാനപ്പെട്ട മന്ത്രിയുടെ വകുപ്പ് ഇത് നിർമ്മിച്ചാലും സമാന്തരമായി ഇത് ഉപയോഗിക്കാൻ പോലീസിന്റെ സംവിധാനം കൂടി തേടുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. എം. കെ. മുനീർ: ഇതു സംബന്ധിച്ച കാര്യങ്ങൾ ആലോചിക്കുന്നതിനുവേണ്ടി ഒരു റോഡ് സേഫ്റ്റി അതോറിറ്റി രൂപീകരിക്കുന്നതിനുവേണ്ടിയുള്ള പ്രാഥമികമായ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. കോഴിക്കോട് തന്നെ രാജാജി റോഡിൽ കാൽനട യാത്രയ്ക്കുവേണ്ടിയുള്ള ഒരു മേൽപ്പാലമുണ്ട്. കാൽനടയാത്രക്കുവേണ്ടിയുള്ള മേൽപ്പാലം ആരും ഉപയോഗിക്കാതെ ഉപയോഗശൂന്യമായിരിക്കുകയാണ്. ഇത്തരം മേൽപ്പാലങ്ങൾ ഉണ്ടാക്കുകയാണെങ്കിൽ അത് എങ്ങനെ ഉപയോഗിക്കണമെന്നതിനെക്കുറിച്ച് വിവിധ ഏജൻസികൾ ഒരുമിച്ചിരുന്നു ആലോചിക്കേണ്ടതാണ്. പക്ഷെ കോഴിക്കോട് മെഡിക്കൽ കോളേജിൽ ഇതുപോലെ മേൽപ്പാലം നിർമ്മിച്ചു. അത് എല്ലാ ജനങ്ങളും ഉപയോഗിക്കുന്നതായിട്ട് കാണാനും സാധിക്കുന്നുണ്ട്. ജനങ്ങൾ ഉപയോഗിക്കുമെന്നുറപ്പുള്ള സ്ഥലങ്ങളിൽമാത്രം അത്തരം മേൽപ്പാലങ്ങൾ ശാസ്ത്രീയമായി ആലോചിച്ചതിനുശേഷം നിർമ്മിക്കുന്നതും ഗുണകരമായിരിക്കും എന്നാണ് ഇതു സംബന്ധിച്ച് എനിക്ക് പറയാനുള്ളത്.

ശ്രീ. ടി. പി. എം. സാഹിർ: സർ, പരേതനായ പി. എം. അബൂബേക്കർ മന്ത്രിയായിരുന്ന കാലത്ത്, സിമന്റിന് ഒരു ബാഗിന് ഏകദേശം 40 രൂപ വിലയുള്ള കാലത്ത്, 80 ലക്ഷം രൂപ ചെലവാക്കി പണിത സബ്‌വേ എന്റെ മണ്ഡലത്തിലാണ്. ഇന്നാണെങ്കിൽ ഏകദേശം 8 കോടി രൂപ അതിനു വേണ്ടി വരും. പക്ഷേ അത് താക്കോലിട്ട് പൂട്ടിവച്ചിരിക്കുകയാണെന്ന് പറയുന്നത് എന്ത് അടിസ്ഥാനത്തിലാണെന്നറിയില്ല. ഗവണ്മെന്റിന്റെ ചുമതലയാണ് ആ സ്വത്തുക്കൾ പരിപാലിക്കേണ്ടത്. ഇന്നിപ്പോൾ ലോട്ടറി നിരോധിച്ചതുമൂലം ഒരുപാടുപേർ തൊഴിൽരഹിതരായിട്ടുണ്ടെന്ന് നമുക്കെല്ലാം അറിയാം. അപ്പോൾ അത് ഒരു പ്രത്യേക വിഭാഗം ആൾക്കാർക്ക് നടത്തിപ്പിനായിക്കൊടുത്ത്, അവർ അതിന്റെ നിയന്ത്രണമേറ്റെടുത്ത്, മുന്നോട്ട് കൊണ്ടുവരാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എം. കെ. മുനീർ: അത് സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ ഒന്നും വന്നിട്ടില്ല. ഇപ്പോൾ ആ ഭൂഗർഭപാത ഏതു രീതിയിൽ ഉപയോഗിക്കാൻ സാധിക്കും എന്നുള്ളതിനെക്കുറിച്ചും ജനങ്ങൾ അത് ഉപയോഗിക്കാൻ തയ്യാറാകാത്ത സാഹചര്യത്തിൽ എന്ത് നടപടികൾ എടുക്കണം എന്നുള്ളതിനെക്കുറിച്ചും ആലോചിക്കേണ്ടതുണ്ട്.

ശ്രീ. ടി. പി. എം. സാഹിർ: സർ, ഏറ്റവും പ്രധാനപ്പെട്ട അരയിടത്തു പാലത്ത് ജംഗ്ഷനിൽ ഇപ്പോൾ പ്ലാനിംഗ് ഒന്നുമില്ല. എരഞ്ഞിപ്പാലത്ത് അക്വിസിഷനിൽ ഗതികെട്ടുകൊണ്ട് പദ്ധതി നീണ്ടുപോകുകയാണ്. അപ്പോൾ ഈ ജംഗ്ഷനുകളിൽ മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിന് എന്തെങ്കിലും ത്വരിതമായ വ്യവസ്ഥ ഉണ്ടാക്കി സ്ഥലങ്ങൾ ഏറ്റെടുക്കുവാൻ ഗവണ്മെന്റ് മുന്നോട്ട് വരുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. കെ. മുനീർ: സർ, നമ്മുടെ സംസ്ഥാനത്ത് ഏറ്റവും ശ്രമകരമായ ജോലി എന്നു പറയുന്നത് സ്ഥലം ഏറ്റെടുക്കുന്നതാണ്. പലപ്പോഴും ലാന്റ് അക്വിസിഷനിലേക്ക് പോകുന്ന സമയത്ത് കേസുകളും മറ്റുമായി സ്ഥലമെടുപ്പ് നീണ്ടുപോകുന്നു. എരഞ്ഞിപ്പാലത്ത് ധാരാളം കേസുകൾ ഉണ്ടായി. അവസാനം ആ കേസുകളൊക്കെ സർക്കാർ വാദിച്ച് സർക്കാരിന് അനുകൂലമാക്കിമാറ്റുമ്പോഴേക്കും മൂന്ന് വർഷം പിന്നിട്ടുപോയി. ഇപ്പോൾ റവന്യൂ വകുപ്പ് മുൻകൈയെടുത്ത് അവിടത്തെ സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. സ്ഥലമെടുത്തുകഴിഞ്ഞാൽ മാത്രമെ പൊതുമരാമത്ത് വകുപ്പിന് അതിൽ എന്തെങ്കിലും പ്രവൃത്തിയെടുക്കാൻ സാധിക്കുകയുള്ളു. ഇതേ അവസ്ഥയാണ് അരയിടത്തുപാലത്തുള്ളത്. അരയിടത്ത് പാലത്തും രണ്ട് മൂന്ന് നിർദ്ദേശങ്ങൾ ഉണ്ട്. മുൻപ് "നാട്പാക്ക്" ഉണ്ടാക്കിയിട്ടുള്ള ഒരു പദ്ധതിയുണ്ട്. അതിന് ശേഷം Roads and Bridges Development Corporation മറ്റൊരു പദ്ധതി രൂപകൽപ്പന ചെയ്തിട്ടുണ്ട്. ഏതായാലും അവിടെയും മേൽപ്പാലം നിർബന്ധമാണ്. അതിനുവേണ്ടിയുള്ള നടപടികളുമായി മുന്നോട്ട് പോകുകയാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ കൊച്ചിക്കും കോഴിക്കോടിനും പ്രത്യേകമായ പദ്ധതി വരുമ്പോൾ ഈ മേൽപ്പാലങ്ങളുടെ കാര്യങ്ങൾക്കൂടി ഒരുമിച്ചു പരിഗണിക്കാവുന്നതാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: വർദ്ധിച്ചുവരുന്ന യാത്രാക്കുരുക്ക് പരിഹരിക്കാൻ മേൽപ്പാലങ്ങൾ അത്യന്താപേക്ഷിതമാണ്. കാൽനടയാത്രക്കാർക്കെന്ന പോലെതന്നെ വാഹനയാത്രക്കാർക്കും മേൽപ്പാലം വളരെ ആവശ്യമാണ്. സർ, ഇവിടെ കോഴിക്കോട് നിന്ന് കാസർകോഡ് പോകുന്ന വഴിക്ക് വാഹന യാത്രക്കാർക്ക് ഉണ്ടാകുന്ന പ്രയാസം വിവരണാതീതമാണ്. ഇത് പരിഹരിക്കാനാണ് മുഴപ്പിലങ്ങാടുള്ള ഓവർബ്രിഡ്ജ്. അങ്ങനെയുള്ള നിരവധി ഓവർബ്രിഡ്ജുകൾ രൂപകൽപ്പന ചെയ്തെങ്കിലും ഇപ്പോൾ എല്ലാ പണികളും മുടങ്ങികിടക്കുകയാണ്. ഈ ഓവർബ്രിഡ്ജുകളുടെ പണി സമയബന്ധിതമായി തീർക്കുന്നതിന് ഗവണ്മെന്റ് എന്ത് പദ്ധതിയാണ് ഉദ്ദേശിക്കുന്നത് ?

ശ്രീ. എം. കെ. മുനീർ: യഥാർത്ഥത്തിൽ ആ മേൽപാലങ്ങളുടെ കാര്യത്തിൽ കുറെ പുരോഗതിയുണ്ടായി. ആ ഭാഗത്തുള്ള എത്രയോ മേൽപ്പാലങ്ങൾ ഇതിനകം വന്നുകഴിഞ്ഞു. ഉദാഹരണത്തിന് ചോറോട്, വെള്ളയിൽ, മീൻചന്ത എന്നീ മേൽപ്പാലങ്ങൾ വന്നുകഴിഞ്ഞു. വെങ്ങളം മേൽപ്പാലവും പൂർത്തീകരിച്ചു തുറന്നുകൊടുത്തു. ഏകദേശം 4, 5 മേൽപ്പാലങ്ങൾ തിരൂർ അടക്കം തുറന്നുകൊടുത്തു. ഇപ്പോൾ ഈ മേൽപ്പാലങ്ങളുടെ പണി പൂർണ്ണമായി ഒറ്റയടിയ്ക്ക് തീർക്കാൻ സാധിക്കാത്തത് റെയിൽവേയുമായി ബന്ധപ്പെട്ടതായതുകൊണ്ട് റെയിൽവേ സേഫ്റ്റി കമ്മിഷണറുടെ പെർമിഷൻ കിട്ടിയാലേ, അല്ലെങ്കിൽ പൂർണ്ണമായിട്ടുള്ള എൻ.ഒ.സി. ലഭിച്ചുകഴിഞ്ഞാലേ പ്രോപ്പർ ആയ പാലം നിർമ്മിക്കാൻ സാധിക്കൂ. റെയിൽപ്പാളത്തിന് മുകളിൽ പാലം കെട്ടുന്നതിന് അവരുടെ പെർമിഷൻ ആവശ്യമാണ്. മാത്രമല്ല ആദ്യഘട്ടത്തിൽ മേൽപ്പാലവും അതോടനുബന്ധിച്ചുള്ള അപ്രോച്ച് റോഡും ഒരുമിച്ച് നിർമ്മിക്കാൻ Roads and Bridges Development Corporation അനുമതി നൽകിയിരുന്നു. പിന്നെ റെയിൽവേ സേഫ്റ്റി കുറച്ചുകൂടി പരിഗണിച്ചുകൊണ്ട്

റെയിൽവേയുടെ മുകളിലുള്ള പാലം നിർമ്മിക്കുന്നത് വേറെ കരാറുകാർ തന്നെ ആയിരിക്കണമെന്നുള്ളതുകൊണ്ട് ഇപ്പോൾ 2 കരാറുകാർ-അപ്രോച്ച് റോഡിന് ഒരു കോൺട്രാക്റ്റും റെയിൽവേയുടെ മുകളിലുള്ള ഒരു പോർഷൻ നിർമ്മിക്കുന്നതിന് വേറൊരു കോൺട്രാക്റ്റും വേണമെന്നുള്ള രീതിയിലേക്ക് വീണ്ടും വന്നിരിക്കുകയാണ്. അതുകൊണ്ടുള്ള കാലതാമസമാണ്. ഇപ്പോൾ സമയബന്ധിതമായി കാര്യങ്ങൾ നീങ്ങുന്നുണ്ട്. നീലേശ്വരത്തെ മേൽപ്പാലം പണി പൂർത്തീകരിച്ചു മുഖ്യമന്ത്രിയെക്കൊണ്ട് ഉദ്ഘാടനം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. അതുകഴിഞ്ഞ് ചെങ്ങോട്ടുകാവിലുള്ളത്, വെങ്ങളത്തുള്ള മേൽപ്പാലം അങ്ങനെ ഘട്ടംഘട്ടമായി പണി പൂർത്തിയാക്കുവാൻ തീരുമാനിച്ചു. മുഴുപ്പിലങ്ങാട് ഒരുമിച്ച് തീരുകയില്ല. 'കോഷൻ' എന്നുപറയുന്ന വിഷയം ഇതിനകത്തുണ്ട്. മേൽപ്പാലം നിർമ്മിച്ചുകൊണ്ടിരിക്കുമ്പോൾ ട്രെയിൻ സ്ലോ ചെയ്യണം. അപ്പോൾ എല്ലാ സ്ഥലത്തും ഒരേ സമയത്ത് അനുമതി നൽകിയാൽ ട്രെയിൻ സമയങ്ങളിൽ വ്യത്യാസം ഉണ്ടാകുമെന്നുള്ളതുകൊണ്ട് ഓരോന്നോരോന്നായി മാത്രമേ റെയിൽവേ സേഫ്റ്റി കമ്മിഷണർ പെർമിഷൻ നൽകൂ എന്നുള്ളതുകൊണ്ടും ഘട്ടംഘട്ടമായി മാത്രമേ നമുക്ക് ഓരോ പാലവും നിർമ്മിച്ചെടുക്കുവാൻ സാധിക്കുകയുള്ളു. പക്ഷേ ഒരു വർഷം കൊണ്ട് ഇതെല്ലാം പൂർത്തീകരിക്കാൻവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. റെയിൽവേ മിനിസ്റ്ററുമായി മുഖ്യമന്ത്രി തന്നെ സംസാരിച്ചു. സ്ഥലമെടുപ്പിന്റെ കാര്യത്തിലൊക്കെത്തന്നെ ഒരു പ്രത്യേക സംവിധാനമുണ്ടാക്കി. ഫാസ്റ്റ് ട്രാക്കിലൂടെയാണ് ഇപ്പോൾ സ്ഥലമെടുപ്പ് നടത്തിക്കൊണ്ടിരിക്കുന്നത്. വരുന്ന ഒരു വർഷംകൊണ്ട് നാം ഉദ്ദേശിച്ച രീതിയിൽ, കാസർകോഡ് എത്തുമ്പോഴേക്കും ഒരുവിധം മേൽപ്പാലങ്ങളുടെ പണി പൂർത്തീകരിക്കാൻ കഴിയും.

മി. സ്പീക്കർ: ചെയറിന്റെ ഒരു നിർദ്ദേശം ഈ സമയത്ത് പറയാനുണ്ട്. മിനിസ്റ്റർ വിശദീകരിച്ചതൊക്കെ ശരിയാണ്. പക്ഷേ ബ്രിഡ്ജസ് കോർപ്പറേഷനെ ഈ പണി ഏൽപ്പിച്ചതുകൊണ്ട് റെയിൽവേക്കാർ ഒരു ശീതസമരത്തിലാണെന്നതാണ് സത്യം. പലപ്പോഴും അവർ മനഃപൂർവ്വം ഡിലെ ചെയ്യുകയാണ്. കോടികൾ ചെലവാക്കിയ സ്ഥലത്തിനുതന്നെ അങ്ങ് അവിടെ ഉദ്ഘാടനത്തിന് വന്നതാണ്, നിസ്സാര പണിയെ ബാക്കിയുള്ളു. പക്ഷേ they are not co-operative അതുകൊണ്ട് ഉന്നതതലത്തിൽ തന്നെ ഇതുസംബന്ധിച്ച് ശക്തമായ ഇടപെടൽ ഇല്ലെങ്കിൽ മിനിസ്റ്ററുടെ ആഗ്രഹങ്ങൾ സ്വപ്നങ്ങൾ മാത്രമായി കലാശിക്കും.

ശ്രീ. എം. കെ. മുനീർ: അതുതന്നെയാണ് ഞാൻ പറഞ്ഞത്. അതുകൊണ്ടാണ് മുഖ്യമന്ത്രിയുടെ തലത്തിൽ ഇതുസംബന്ധിച്ചുള്ള യോഗം വിളിച്ചുചേർത്തിട്ടുള്ളത്. റെയിൽവേ ഉദ്യോഗസ്ഥർ നേരിട്ട് വന്നു സംസാരിച്ചു. ഞങ്ങൾ ഞങ്ങളുടെ പരാതികളും, പരിഭവങ്ങളും അവിടെ അവതരിപ്പിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഈ കാര്യങ്ങളൊക്കെ ഇപ്പോൾ അൽപ്പം വേഗത്തിൽ നടക്കുന്നുണ്ട്. അങ്ങയുടെ നിയോജകമണ്ഡലത്തിലെ വിഷയം, പ്രത്യേകമായി അങ്ങയുടെ സാന്നിദ്ധ്യത്തിൽ തന്നെ നമുക്ക് യോഗം വിളിച്ച് പണി എത്രയുംപെട്ടെന്ന് മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, സമയബന്ധിതമായി 18 മാസം കൊണ്ട് പൂർത്തിയാക്കുമെന്നുപറഞ്ഞ ട്രാൻസ്പോർട്ട് പ്രോജക്ടിന്റെ തൈക്കാട് മുതൽ ചെങ്ങന്നൂർ വരെയുള്ള റോഡ് പണി പല സ്ഥലത്തും സ്ഥലം വിട്ടുകിട്ടാത്തതുകൊണ്ട് കുഴപ്പത്തിലാണ്. സ്ഥലത്തിന് വില നിശ്ചയിച്ചതിൽ വലിയ അപാകതയുണ്ട്. പ്രധാനപ്പെട്ട മുൻസിപ്പാലിറ്റികളിലും, കവലകളിലും വളരെ കുറച്ചു വില മാത്രമെ കൊടുക്കുന്നുള്ളുവെന്നുപറഞ്ഞ് ധാരാളം സിവിൽ കേസുകൾ ഫയൽ ചെയ്തുകഴിഞ്ഞു. ഇതുകാരണം ഡിലേ വരും നമ്മുടെ ജലസേചനവകുപ്പ് മന്ത്രിയായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ നിയോജകമണ്ഡലത്തിൽ നിന്നും ഇന്നലെ കിട്ടിയ ഒരു വിവരം വച്ച് അടൂർ ജംഗ്ഷനിൽ വിലയിട്ടിരിക്കുന്നത് 5 ലക്ഷവും 10 ലക്ഷവും രൂപ വിലവരുന്ന സ്ഥലത്തിന് 50000വും 60000വും രൂപയൊക്കെയാണ്. കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിനും വളരെ തുച്ഛമായ സംഖ്യയാണ്. ഇതുമൂലം റോഡ് പണി അവതാളത്തിലാകും. ഒന്നുകിൽ ഇന്ന് നിലവിലുള്ള വീതി പൂർണ്ണമായി ഉപയോഗിച്ച് ആ പ്രദേശങ്ങളിൽ റോഡുകൾ ഇത് ഒഴിവാക്കിക്കൊണ്ട് ഉണ്ടാക്കണം. ആവശ്യത്തിനുള്ള വീതിയുണ്ട്. വെഞ്ഞാറമൂട്ടിലും, മറ്റും ചെയ്തതുപോലെ അധികം പൊളിപ്പില്ലാതെ ചെയ്യുക. മാർക്കറ്റ് വാല്യൂ കൊടുക്കുന്നതിനുള്ള സംവിധാനം കുറച്ചുകൂടി ബലപ്പെടുത്തി ഇത് മുന്നോട്ട് കൊണ്ടുപോയില്ലെങ്കിൽ സമയബന്ധിതമായി ഈ പ്രോജക്റ്റ് ചെങ്ങന്നൂർ വരെ തീർക്കാൻ സാധ്യമല്ല എന്ന് ബോദ്ധ്യപ്പെട്ടുകൊണ്ട് അതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എം. കെ. മുനീർ: ബഹുമാനപ്പെട്ട അങ്ങ് പറഞ്ഞതനുസരിച്ചാണ് കാര്യങ്ങൾ നീക്കിയിരിക്കുന്നത്. ഇവിടെ സൂചിപ്പിച്ചതുപോലെ കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്റ്റിന്റെ സ്ഥലമെടുപ്പും ഫാസ്റ്റ് ട്രാക്കിൽകൂടി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഫാസ്റ്റ് ട്രാക്ക് വന്നതിനുശേഷം സ്ഥലമെടുപ്പ് പുരോഗമിച്ചുവരുന്നുണ്ട്. ചില കേസുകൾ പിൻവലിച്ച് അവിടെയൊക്കെ നമുക്ക് ലാന്റ് എടുക്കാൻ സാധിച്ചിട്ടുണ്ട്. അങ്ങ് പറഞ്ഞപോലെ ടൗണിൽ സ്ഥലമെടുക്കുക എന്നത് പല സ്ഥലത്തും ബുദ്ധിമുട്ടായികാണുന്നുണ്ട്. ആളുകൾ സഹകരിക്കാത്ത സ്ഥലങ്ങളിലൊക്കെതന്നെ ജംഗ്ഷൻ ഇംപ്രൂവ്മെന്റിനുള്ള സ്ഥലംവച്ചുകൊണ്ട് തന്നെ പ്രവൃത്തികൾ പുരോഗമിപ്പിക്കുന്നതിന് വേണ്ടിയുള്ള നടപടികളാണ് എടുത്തുവരുന്നത്. പക്ഷേ അത് പിന്നീട് ഗതാഗതക്കുരുക്ക് രൂക്ഷമാക്കുമെന്നുള്ളതുകൊണ്ട് ചില സ്ഥലത്ത്, ജംഗ്ഷൻ ഇംപ്രൂവ്മെന്റ് വളരെ ആവശ്യമാണെന്ന് തോന്നുന്ന സ്ഥലത്ത്, ജംഗ്ഷൻ ഇപ്രൂവ്മെന്റുമായി മുന്നോട്ട് പോകുന്നുണ്ട്. അതിൽ വിലയുടെ കാര്യത്തിലുണ്ടാകുന്ന ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വേണ്ടി ഫാസ്റ്റ് ട്രാക്കിലൂടെ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. സി. കെ. നാണു: സർ, കോർപ്പറേഷനുകൾ കഴിഞ്ഞാൽ പ്രധാനപ്പെട്ട മുനിസിപ്പാലിറ്റികളിൽ മേൽപ്പാലത്തെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ വർഷങ്ങൾക്കു മുമ്പ് ഗവൺമെന്റ് നൽകുകയും അതിനെ സംബന്ധിച്ച് ചർച്ച നടത്തുകയുമുണ്ടായി. ഉദാഹരണത്തിന് വടകരയിലെ പുതിയ ബസ് സ്റ്റാൻഡ് ജംഗ്ഷനിലും നട്ട് സ്ട്രീറ്റ് ജംഗ്ഷനിലും മേൽപ്പാലം ഉണ്ടാക്കുന്നതിനെ സംബന്ധിച്ച് ഒരഭ്യർത്ഥനയുണ്ടായിരുന്നു, മുനിസിപ്പാലിറ്റി അംഗീകരിച്ച് ഗവൺമെന്റിലേയ്ക്ക് അയയ്ക്കുകയും ചെയ്തു. കോർപ്പറേഷൻ കഴിഞ്ഞാലുള്ള വലിയ നഗരങ്ങളിൽ അത്തരത്തിലുള്ള നടപടികൾക്കായുള്ള വല്ല ആലോചനയും ഗവൺമെന്റിന്റെ മുമ്പിലുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. കെ. മുനീർ: സർ, അത്തരം നിർദ്ദേശങ്ങൾ ഇപ്പോൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടില്ല. വളരെ നിർബന്ധമാണെന്നു തോന്നുന്ന സ്ഥലങ്ങളിൽ അത്തരം മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നതാണ്

ശ്രീ. സി. പി. മുഹമ്മദ്: സർ, അനുദിനം നഗരവൽക്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന കേരളത്തിൽ സ്റ്റേറ്റ് ഹൈവേയിലായാലും നാഷണൽ ഹൈവേയിലായാലും ഒരു യാത്രക്കാരന് ലക്ഷ്യസ്ഥാനത്തെത്താൻ മണിക്കൂറുകൾ വേണം. ഭൂഗർഭപാതകളും മേൽപ്പാലങ്ങളുമാണ് അതിന് പരിഹാരം. ബഹുമാനപ്പെട്ട മന്ത്രി ഈ വകുപ്പിന്റെ ചാർജ്ജെടുത്തശേഷം ഒരുപാട് നേട്ടങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും വർക്കുകളുടെ കാലതാമസത്തെക്കുറിച്ച് ബഹുമാനപ്പെട്ട അങ്ങും ശ്രീ. കോടിയേരി ബാലകൃഷ്ണനും ശ്രദ്ധയിൽപ്പെടുത്തി. വടക്കാഞ്ചേരിയിലെ റെയിൽവേ മേൽപ്പാലം ഏതെങ്കിലും ഒരു നിയോജകമണ്ഡലത്തിന്റെ മാത്രം പ്രശ്നമല്ല. എന്റെ നിയോജകമണ്ഡലത്തിൽത്തന്നെ ഒരു ഭാഗത്ത് റെയിലും ഒരു ഭാഗത്ത് നിളാനദിയും കാരണം ബഹുമാനപ്പെട്ട മന്ത്രി തന്നെ താൽപ്പര്യമെടുത്ത് നിളാ നദിയുടെ തീരത്തുകൂടി ഒരു ബൈപ്പാസ് സാംഗ്ഷൻ ചെയ്തതാണ്. 2004-05-ലെ ബഡ്ജറ്റിൽ അതിന് തുക നീക്കി വച്ചിട്ടുപോലും ഇതുവരെ നമുക്ക് പണി ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. വിളയൂർ-കൈപ്പുറം എന്ന റോഡുപണി വർഷങ്ങളായി തുടങ്ങിയിട്ട്. ഞാൻ അന്വേഷിച്ചപ്പോൾ പ്രസ്തുത കരാറുകാരന് ഇതൊരു സ്ഥിരമായ തൊഴിലാണെന്നാണ് അറിഞ്ഞത്. വർക്കുകൾ സമയബന്ധിതമായി പൂർത്തിയാക്കാൻ അടിയന്തിരമായ നടപടികൾ സ്വീകരിച്ചിട്ടില്ലെങ്കിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ആഗ്രഹത്തിനനുസരിച്ച് കാര്യങ്ങൾ നീങ്ങുകയില്ല. അതിന് പ്രാധാന്യം കൊടുക്കുമോ?

ശ്രീ. എം. കെ. മുനീർ: സർ, ബഹുമാനപ്പെട്ട മെമ്പർ തീർന്നതും നടക്കുന്നതുമായ പ്രവൃത്തികളെക്കുറിച്ച് പറയാത്തതിൽ ഉള്ള വിഷമം ഈ സമയത്ത് ഞാൻ അറിയിക്കുകയാണ്. കാരണം, എപ്പോഴും പണി പൂർത്തീകരിച്ചതും സമയബന്ധിതമായി നടന്നതുമായ പ്രവൃത്തികൾ ചർച്ച ചെയ്യപ്പെടുന്നില്ല എന്നുള്ളതാണ് ഞങ്ങളുടെ വകുപ്പിന്റെ ദുരേ്യാഗം. എങ്കിലും ഈ പറഞ്ഞതുപോലെ ചില സാങ്കേതിക കാരണങ്ങളാൽ കുറച്ചൊക്കെ പണികൾ പല തരത്തിലും മുടങ്ങിക്കിടക്കുന്നുണ്ട്. അത്തരം കാര്യങ്ങൾ ഗൗരവമായി ആലോചിച്ച് അത് സമയബന്ധിതമായി തീർക്കുന്നതിനുവേണ്ടിയുള്ള നടപടികൾ എടുക്കുന്നതാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, തൃശൂർ മെഡിക്കൽ കോളേജ് മുളങ്കുന്നത്തുകാവിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിനെക്കുറിച്ച് കഴിഞ്ഞ ദിവസം ഇവിടെ പ്രഖ്യാപനമുണ്ടായി. അതിനുള്ള നടപടികൾ നീങ്ങിക്കൊണ്ടിരിക്കുകയാണ്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് മുളങ്കുന്നത്തുകാവിലുള്ള മേൽപ്പാലത്തിന്റെ നിർമ്മാണമാണ്. അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടുള്ളതാണ്. എത്രയും വേഗത്തിൽ അതിന്റെ നടപടി എടുക്കേണ്ട ആവശ്യകതയുണ്ട്. അതോടൊപ്പം ബഹുമാനപ്പെട്ട ചെയർ പറഞ്ഞ കാര്യമാണ്, പത്തു മാസം മുമ്പുണ്ടായ അപകടമാണ്, തൃശൂർ-കൊട്ടേക്കാട് റൂട്ടിലുള്ള പാലം തകർന്ന് മൂന്നു പേർ മരിച്ചത്. അതിന്റെ നിർമ്മാണപ്രവർത്തനം വളരെ വേഗത്തിൽ തീർക്കേണ്ടതിന്റെ ആവശ്യകതയുള്ളതാണ്. ഇപ്പോൾ പണി നടക്കുന്നതിൽ വളരെ തടസ്സങ്ങളുണ്ട്. അവിടെയുള്ള ജനങ്ങൾ സമരത്തിലാണ്. ആ പാലത്തിന്റെ നിർമ്മാണം പൂർത്തിയാക്കാൻ കൂടുതൽ മുൻഗണന കൊടുക്കുമോ, അതിന് ബഹുമാനപ്പെട്ട മന്ത്രി ആവശ്യമായ മുൻകൈ എടുക്കുമോ?

ശ്രീ. എം. കെ. മുനീർ: സർ, അതുസംബന്ധിച്ച് കഴിഞ്ഞ റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ മീറ്റിംഗിലും വളരെ ഗൗരവമായി ചർച്ച ചെയ്തിട്ടുണ്ട്. ഇത് റെയിൽവേയുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവൃത്തിയായതുകൊണ്ട് അവരുടെ സഹകരണം കൂടിയുണ്ടെങ്കിൽ നമുക്ക് വേഗത്തിൽ പൂർത്തീകരിക്കാൻ സാധിക്കും. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്, ബഹുമാനപ്പെട്ട സ്പീക്കറുടേയും ബഹുമാനപ്പെട്ട മറ്റംഗങ്ങളുടേയും സാന്നിദ്ധ്യത്തിൽ ഒരു യോഗം നടത്തണം. അതിന് പ്രത്യേകമായ പരിഗണന കൊടുക്കേണ്ടത് അവിടെ ഒരപകടമുണ്ടായി എന്നുള്ളതുകൊണ്ടുതന്നെയാണ്. ആ കാര്യത്തിൽ പ്രത്യേകമായ യോഗം വിളിച്ചുകൂട്ടുകയും അത് ത്വരിതപ്പെടുത്തുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെക്കൂടി ചർച്ചയുടെ ഭാഗമായി ഉൾപ്പെടുത്തിക്കൊണ്ട് അതെത്രയും പെട്ടെന്ന് തുടങ്ങുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കും. മെഡിക്കൽകോളേജിലേയ്ക്കുള്ള പാലത്തിന്റെ കാര്യം പരിഗണനയിലാണ്. ആ പാലം പണി നടത്തുന്നതിനെ സംബന്ധിച്ചും ഗവൺമെന്റിന്റെ ശ്രദ്ധയിലുണ്ട്. അത് ഗൗരവമായി ആലോചിക്കുന്നതാണ്.

ശ്രീ. പി. പി. ജോർജ്ജ്: സർ, തൃശൂർ ജില്ലയിൽ എൻ.എച്ച്. 47 നാലുവരിപ്പാത യാക്കുന്നതിന്റെ പണികളുടെ പ്രാരംഭ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടക്കുകയാണ്. ഈ പണികൾ നടക്കുമ്പോൾ വാസ്തവത്തിൽ മണ്ണുത്തി സെക്ടർ, പുതുക്കാട് സെക്ടർ, ചാലക്കുടി സെക്ടർ എന്നിവടങ്ങളിലൊക്കെ ഭൂഗർഭപാതയ്ക്കുള്ള അല്ലെങ്കിൽ മേൽപ്പാലത്തിനുള്ള ആവശ്യങ്ങൾ നിലനിൽക്കുകയാണ്. ഞാൻ പറഞ്ഞ മൂന്നു സ്ഥലത്ത് വാസ്തവത്തിൽ 9 സ്ഥലത്തു ഭൂഗർഭപാത ആവശ്യമാണ്. പാരപ്പെറ്റു കൊണ്ടോ ട്രാഫിക് ഐലൻഡ് കൊണ്ടോ ഡിവൈഡേഴ്സ് കൊണ്ടോ ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കുകയില്ല. ബഹുമാനപ്പെട്ട മന്ത്രി (എ) ചോദ്യത്തിന് ഉത്തരമായി ഇപ്പോൾ സ്കീമൊന്നും ഇല്ലെന്നു പറഞ്ഞു. എങ്കിലും ഈ റോഡ് പണിക്ക്, ഫോർ ലൈൻ ആക്കുന്നതിന്റെ കാര്യത്തിനുള്ള ഇന്ററസ്റ്റ് എടുക്കുന്നതു പോലെ തന്നെ ഈ സ്കീമുകൾ ഉൾപ്പെടുത്താനും അതിനെക്കുറിച്ച് പ്രവർത്തനങ്ങൾ നടത്താനും ദയവായി സന്നദ്ധമാകുമോ? തൃശ്ശൂർ വന്ന് ബന്ധപ്പെട്ടവരെ വിളിച്ച് ഒരു കോൺഫറൻസ് നടത്താനും ദയവായി തയ്യാറാകുമോ?

ശ്രീ. എം. കെ. മുനീർ: സർ, ഞാൻ ആദ്യം സൂചിപ്പിച്ചതുപോലെ, പല ഭൂഗർഭ പാതകളും നിർമ്മിച്ചശേഷം ഇപ്പോൾ ഉപയോഗശൂന്യമായി കിടക്കുകയാണ്. അങ്ങ് ഉദ്ദേശിച്ചത് കാൽനടയാത്രക്കാർക്കുവേണ്ടിയുള്ള ഭൂഗർഭ പാതകളും മേൽപ്പാലങ്ങളുമായിരിക്കും. കാരണം, വീതി കൂട്ടുന്ന സമയത്ത് റോഡ് മുറിച്ചുകടക്കുന്നതിനുവേണ്ടിയാണ്. പക്ഷേ അത്തരം ഭൂഗർഭപാതകളും മേൽപ്പാലങ്ങളും ഉണ്ടാക്കുമ്പോഴും പലതും ഉയോഗിക്കപ്പെടാതെ പോകുന്നു എന്നുള്ളതുകൊണ്ട് വലിയ സാമ്പത്തിക ബാധ്യതയുള്ള ഇത്തരം പാതകൾ ഉപയോഗശൂന്യമായി കിടക്കുന്നത് ഗുണകരമാണോ എന്നു പരിശോധിക്കേണ്ടതുണ്ട്. എങ്കിലും അവിടെ എന്താണ് നമുക്ക് അനിവാര്യമെന്നുള്ളതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്. പല സ്ഥലത്തും നമുക്ക് സീബ്രാ ക്രോസ്സിംഗുകൾ ഉണ്ടാക്കിയിട്ടുണ്ട്, പെഡസ്ട്രിയൻസിനുവേണ്ടി സിഗ്നൽ സിസ്റ്റവുമുണ്ടാക്കി, അത് വളരെ ശാശ്വതമായ രീതിയിൽ ഉപയോഗിക്കാൻ സാധിച്ചുകഴിഞ്ഞാൽ കാൽനടയാത്രക്കാരുടെ പ്രശ്നങ്ങൾക്ക് വലിയ പരിഹാരമുണ്ടാക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിയും. കാരണം, ഇവിടെ അങ്ങനെയുള്ള സിഗ്നൽ സിസ്റ്റത്തിലേക്കും പെഡസ്ട്രിയൻസിനുവേണ്ടിയുള്ള ട്രാഫിക് സിസ്റ്റത്തിലേക്കും നമ്മൾ വന്നിട്ടില്ല. വിദേശരാജ്യങ്ങളിലൊക്കെ പോയിക്കഴിഞ്ഞാൽ അവിടെ പെഡസ്ട്രിയൻസിനു ണ്ടാക്കിയിട്ടുള്ള സിസ്റ്റം പരിപാലിക്കാൻ വേണ്ടി അവിടത്തെ വാഹനമോടിക്കുന്ന ആളുകളും ശ്രദ്ധിക്കുന്നു എന്നുള്ളതുകൊണ്ട് അവിടത്തെ ട്രാഫിക് സിസ്റ്റം വളരെ നല്ല രീതിയിൽ നടക്കുന്നു. പക്ഷേ ഇവിടെ അങ്ങനെയല്ല. ഇവിടെ ഒരു പെഡസ്ട്രിയൻ കടന്നുപോകുകയാണെങ്കിൽ, ആ പെഡസ്ട്രിയൻ കടന്നുപോകുന്നു എന്നുള്ളത് വാശിയാക്കി, എങ്ങനെയെങ്കിലും അപകടമുണ്ടാക്കാൻ വേണ്ടിയാണ് പലപ്പോഴും വാഹനമോടിക്കുന്നവർ ശ്രദ്ധിക്കാറുള്ളത്. ഒരു ട്രാഫിക് സംസ്കാരം കൂടി നമ്മുടെ സംസ്ഥാനത്ത് വളർന്നുവരണം. റോഡുകൾ വികസിച്ചതുകൊണ്ടുമാത്രം, അല്ലെങ്കിൽ വികസനങ്ങളൊക്കെ ഉണ്ടായതുകൊണ്ടോ ഭൂഗർഭപാതകൾ ഉണ്ടായതുകൊണ്ടോ മാത്രം അപകടങ്ങൾ അവസാനിക്കുന്നില്ല. അപകടങ്ങളുടെ കാര്യത്തിൽ, വാഹനങ്ങൾ ഓടിക്കുന്നവരും ട്രാഫിക് നിയമങ്ങൾ പരിപാലിക്കുന്നതിലുമൊക്കെ എല്ലാവരും കൂടി ശ്രദ്ധിക്കുമ്പോൾ മാത്രമേ ഈ പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരം ഉണ്ടാകുകയുള്ളൂ.

വികസനത്തിനാവശ്യമായ ഭൂമി ലഭ്യമാക്കാൻ നടപടി

2 [*119] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ:

„ മഞ്ഞളാംകുഴി അലി:

„ പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റെയിൽ, റോഡ്, വൈദ്യുതി, വിമാനത്താവളം എന്നിവയുടെ വികസനത്തി നാവശ്യമായ ഭൂമി, കൂടിയ പരിഗണന നൽകി ഏറ്റെടുക്കണമെന്ന് റവന്യൂ ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ;

(ബി) ഭൂമി ഏറ്റെടുത്ത് നൽകാത്തതുമൂലം റയിൽവേയുടെ പല വികസന പദ്ധതികളും സംസ്ഥാനത്ത് മുടങ്ങി കിടക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) റയിൽവേ വികസനത്തിനാവശ്യമായ മുഴുവൻ ഭൂമിയും എന്നത്തേക്ക് ഏറ്റെടുത്ത് നൽകാനാവും എന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ഡി) വൈദ്യുതി ബോർഡിന് ആവശ്യമായ സ്ഥലം ലഭിക്കാത്തതുമൂലം പല സ്ഥലങ്ങളിലും സബ് സ്റ്റേഷന്റെ നിർമ്മാണം മുടങ്ങിയിരിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പ്രശ്നം അടിയന്തിരമായി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly